കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ

2 (*62) ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ;

(സി) പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്നറിയിക്കുമോ ;

(ഡി) പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ&ബി) ഡൽഹി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിലാണ് കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് രൂപകൽപ്പന നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സ്ഥലമെടുപ്പിനും വേണ്ടി കേരള സർക്കാർ 158.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുപ്പു നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2009-ൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പുതുക്കിയ നിർദ്ദേശമനുസരിച്ച് 4427 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. തത്വാധിഷ്ഠിത അംഗീകാരത്തിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കം പുലർത്തിവരുന്നു. പ്രധാനമന്ത്രിക്കും, ധനകാര്യ മന്ത്രിക്കും, നഗരവികസന മന്ത്രിക്കും, ആസൂത്രണ കമ്മീഷനും മുഖ്യമന്ത്രി നേരിട്ട് തന്നെ നിവേദനങ്ങൾ സമർപ്പിച്ചു. കൂടാതെ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കഴിഞ്ഞ മേയ് മാസം ഡൽഹിയിൽ ഇക്കാര്യത്തിൽ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചാലുടൻ തന്നെ പദ്ധതി പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയും.

ശ്രീ. എം. എം. മോനായി : സർ, കേരളവും അതുപോലെ തന്നെ കൊച്ചിനിവാസികളും ഒരു വേഴാമ്പലിനെ പോലെ ഈ മെട്രോ പദ്ധതിക്കുവേണ്ടി കാത്തിരിക്കുകയാണ്. കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചാൽ ഈ പദ്ധതി നടപ്പിലാകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സഭയിൽ പറഞ്ഞത്. കേരളത്തിൽനിന്നും കേന്ദ്രത്തിൽ ഇപ്പോൾ അഞ്ചാറ് മന്ത്രിമാരുണ്ട്. ബാംഗ്ളൂർ ചെന്നൈ എന്നീ കേന്ദ്രങ്ങളിൽ മെട്രോ റെയിൽ സ്ഥാപിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലാതിരിക്കുമ്പോൾ കേരളത്തിൽ ഇത് സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സം കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ടോ ; അല്ലെങ്കിൽ എന്ത് തടസ്സമാണുള്ളത്?

ശ്രീ.. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട എം.എം. മോനായി പറഞ്ഞത് പ്രസക്തമായ കാര്യമാണ്. കഴിഞ്ഞ 4 വർഷമായി നാം ഈ പദ്ധതിക്ക് വേണ്ടി കാത്തിരിക്കുകയാണ്. ഇത് കേരളത്തിന് അനുവദിക്കാതിരിക്കാൻ ഒരു ന്യായവുമില്ല. ഈ 4 വർഷത്തിനുള്ളിൽ കേരളത്തിന്റെ ആവശ്യം നിലനിൽക്കുമ്പോഴാണ് ചെന്നൈയ്ക്കും ബാംഗ്ലൂരിനും ക്ലിയർൻസ് കൊടുത്തിട്ടുള്ളത്. ഇപ്പോൾ ഇത് നിലനിൽക്കുമ്പോൾത്തന്നെ കൊൽക്കൊത്തയ്ക്ക് ഇസ്റ്റ്-വെസ്റ്റ് കോറിഡോർ എന്ന പേരിൽ ക്ലിയറൻസ് കൊടുത്തിട്ടുണ്ട്. പക്ഷേ കേരളത്തിന് ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നില്ല. യു.പി.എ. സർക്കാർ രണ്ടാമതും അധികാരത്തിൽ വന്നപ്പോൾ വന്നയുടനെ 100 ദിവസം കൊണ്ട് നടപ്പാക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ അതിലൊന്ന് കൊച്ചി മെട്രോ പദ്ധതി ആയിരുന്നു. പക്ഷേ ഇന്നും അനുവദിച്ചിട്ടില്ല. കേരളം ഇന്ത്യയുടെ ഭാഗമല്ലേ? ഇതൊരു ദുരൂഹമായ കാര്യമാണ്. ഇത് ഭരണപക്ഷ-പ്രതിപക്ഷമെന്ന രീതിയിൽ കാണേണ്ടതല്ല. സഭ ഒന്നടങ്കം ഇക്കാര്യത്തിൽ ഒരുമിച്ചുനിന്നുകൊണ്ട് ശക്തമായ നിലപാടെടുക്കണം.

ശ്രീ. എം. എം. മോനായി : സർ, ആദരണീയനായ പ്രതിപക്ഷ നേതാവ് ഇന്നലെ സഭയിൽ പറഞ്ഞത്, വികസന കാര്യങ്ങളിൽ ഗവൺമെന്റുമായി സഹകരിക്കുമെന്നാണ്. മറ്റ് പല കാര്യങ്ങൾക്കും വേണ്ടി വലിയ സമ്മർദ്ദങ്ങൾ പ്രതിപക്ഷം നടത്തുന്നതിന്റെ കൂട്ടത്തിൽ ഈ കാര്യത്തിനുവേണ്ടി എന്തെങ്കിലും സമ്മർദ്ദം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കണ്ടപ്പോൾ നടത്തിയിട്ടുണ്ടോ ; എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, നിരവധി തവണ ഇതു സംബന്ധിച്ച് നിവേദനങ്ങൾ സമർപ്പിക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ ഇക്കഴിഞ്ഞ മേയ് 5, 2010-ലാണ് മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കേരളത്തിലെ മന്ത്രിമാർ സർവ്വ ശ്രീ. സി. ദിവാകരൻ, എൻ. കെ. പ്രേമചന്ദ്രൻ, ജോസ് തെറ്റയിൽ, കടന്നപ്പള്ളി രാമചന്ദ്രൻ, കെ. പി. രാജേന്ദ്രൻ, എം. വിജയകുമാർ, എം. എ. ബേബി, കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള എം.പി. മാർ സർവ്വ ശ്രീ. എം. എ. ഷാനവാസ്, ഇ. ടി. മുഹമ്മദ് ബഷീർ, കെ. ഇ. ഇസ്മയിൽ, പി. കരുണാകരൻ, രാഷ്ട്രീയ പാർട്ടി നേതാക്കന്മാർ എം. പി. വീരേന്ദ്രകുമാർ, ജോസ് കെ. മാണി, ആർ. ബാലകൃഷ്ണപിള്ള, അഡ്വക്കേറ്റ് എ. എൻ. രാജൻ ബാബു, പി. മുരളീധരൻ, പ്രസിഡന്റ് (ബി.ജെ.പി.) സർവ്വശ്രീ. എ. കെ. ശശീന്ദ്രൻ, പി. എം. എ. സലാം, പ്രദീപ്കുമാർ ഇങ്ങനെയുള്ള കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായിട്ട് പ്രധാനമന്ത്രിയെ കണ്ടു, അദ്ദേഹം അന്നും പറഞ്ഞു ഞാൻ അനുകൂലമാണ്, ഇപ്പോഴും പറയുന്നു ഞാൻ അനുകൂലമാണ്. പക്ഷേ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ചെന്നൈയിലൊക്കെ എങ്ങനെയാണ് നടപ്പായത്; ഇത് നടപ്പാകണമെങ്കിൽ നാം ഒറ്റക്കെട്ടായിട്ട്-ഈ നിവേദനം മാത്രം പോരാ-ഭരണപക്ഷവും പ്രതിപക്ഷവും കൂടി ഡൽഹിയിൽ പോയി ഒരു ദിവസം കുത്തിയിരുപ്പ് സമരം നടത്തണം.

ശ്രീ. സി. എം. ദിനേശ് മണി: സർ, മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ആദ്യ ഘട്ടത്തിൽ ഇതിനുവേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ച് കണക്കാക്കിയ തുകയല്ല ഇപ്പോഴുള്ളത്, എത്ര കോടി രൂപയുടെ ചെലവാണ് മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത് ?

ശ്രീ. എം. വിജയകുമാർ: സർ, 2009-ലെ എസ്റ്റിമേറ്റ് അനുസരിച്ച് എസ്റ്റിമേറ്റഡ് കോസ്റ്റ് 4427 കോടി രൂപയാണ്. വാസ്തവത്തിൽ കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി അംഗീകരിച്ചിട്ടില്ലായെങ്കിലും ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ പ്രധാനപ്പെട്ട നോഡൽ ഏജൻസി ഡി. എം. ആർ. സി. ആണ് (ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ) ഡി. എം.ആർ.സി.യുടെ ഒരു ഓഫീസ് കൊച്ചിയിൽ ആരംഭിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി 158 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ വർഷം ചെലവഴിക്കാൻ 60 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഫ്ളൈ ഓവറുകൾ, റോഡുകളുടെ വൈഡനിംഗ് ഉൾപ്പെടെ ഈ വർഷം ചെലവഴിക്കാൻ 30 കോടി രൂപ അനുവദിച്ചു. ശരിയായി പറഞ്ഞാൽ കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആ ഒരു സാഹചര്യത്തിൽ അല്പവും കാലവിളംബം കൂടാതെ ഇതിന് അംഗീകാരം നൽകണം. ഇപ്പോൾ ഇത് ആരംഭിച്ചു കഴിഞ്ഞാൽ 2013-14-ൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ശ്രീ. സാജു പോൾ: സർ, 1978-ൽ പ്രഖ്യാപിച്ച് 1995-ൽ തറക്കല്ലിട്ട ശബരിപാത ഇപ്പോഴും കടലാസ്സിലാണ്. കൊതുകുകളും മാലിന്യ കൂമ്പാരവും ഗതാഗത കുരുക്കുമില്ലാത്ത കൊച്ചി നമ്മുടെ എല്ലാപേരുടേയും ഒരു സ്വപ്നമാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. തുടങ്ങിവച്ച തിരു കൊച്ചി സർവ്വീസും ജൻറം ബസ്സുകളും അതുപോലെ തന്നെ എല്ലാ തടസ്സങ്ങളും നീക്കി ഈ സർക്കാർ കൊച്ചിക്ക് സമ്മാനിച്ച വൈറ്റില ബസ് ടെർമിനലുമൊക്കെ കൂട്ടായ ശ്രമങ്ങൾ ലക്ഷ്യത്തിലെത്തും എന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ ഉദാഹരണങ്ങളാണ്. ശ്രീ. ഇ. ശ്രീധരൻ ഉൾപ്പെടെ ഏറെ താല്പര്യമെടുത്തിട്ടുള്ള ഈ മെട്രോ റെയിൽ പദ്ധതിക്ക് ആരെങ്കിലും എതിരുണ്ടോ; അല്ലെങ്കിൽ അദൃശ്യ ശക്തികൾ ഈ പദ്ധതിയെ തകർക്കാൻ വേണ്ടി നീങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: അദൃശ്യ ശക്തികളുണ്ടോ എന്ന് എനിക്ക് അറിയില്ല, കണ്ടുപിടിക്കാം. പക്ഷേ ഇതിനെതിരായിട്ടുള്ളതാണെന്നും ഞാൻ പറയുന്നില്ല, കേരളത്തോട് വച്ച് പുലർത്തുന്ന ഒരു അവഗണനയായിട്ട് മാത്രമേ ഇതിനെ കാണുന്നുള്ളു. കാരണം, ചെന്നൈയ്ക്കും ബാംഗ്ലൂരിനും കൊൽക്കൊത്തയ്ക്കും മെട്രോ റെയിൽ സ്ഥാപിക്കുന്നതിന് ക്ലിയറൻസ് കൊടുത്തു പക്ഷേ കൊച്ചി മെട്രോ പദ്ധതിക്കുമാത്രം അംഗീകാരം നല്കുന്നില്ല. 4427 കോടി രൂപയിൽ 450 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇപ്പോൾ ലഭിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം ഇതിന് അർബൻ ഡെവലപ്മെന്റ് മിനിസ്ട്രി അപ്രൂവൽ തന്നു, ഏറ്റവും തടസ്സമായിട്ട് എപ്പോഴും നിൽക്കുന്ന പ്ലാനിംഗ് കമ്മീഷൻ 2008-09-ൽ അപ്രൂവൽ തന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതിയാണ് ഇനി വേണ്ടത്. അതിനുവേണ്ടി ഞങ്ങൾ കേന്ദ്രധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണാബ് മുഖർജിയെ നേരിൽ കണ്ടു, അദ്ദേഹത്തിന്റെ അംഗീകാരമാണ് ആവശ്യം. അദ്ദേഹത്തിന്റെ തീരുമാനത്തിനുവേണ്ടിയാണ് കാത്തിരിക്കുന്നത്. അദ്ദേഹവും ഇക്കാര്യത്തിൽ തടസ്സം നില്ക്കാൻ പാടില്ലായെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എം. ജെ. ജേക്കബ്</u>: സർ, കൊച്ചി ഇന്ത്യയിലെ ഏറ്റവും ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന പട്ടണമാണ് നേരത്തെ സൂചിപ്പിച്ചതു പോലെ ഇത്തരത്തിലൊരു പദ്ധതി ചെന്നൈക്കും ബാംഗ്ലൂരിനുമൊക്കെ അനുവാദം കൊടുത്തിട്ടും കൊച്ചിക്കുമാത്രം മെട്രോ പദ്ധതിക്ക് അനുവാദം കൊടുക്കുന്നില്ല എന്നുള്ളതൊരു വിവേചനമല്ലേ; ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, മെട്രോ റെയിൽ പദ്ധതി വരുമ്പോൾ കിഴക്കൻ മേഖലയുമായി ബന്ധപ്പെട്ട് കുത്താട്ടുകുളം-പിറവം-മൂവാറ്റുപുഴ-എന്നീഭാഗങ്ങളിൽനിന്നും 50 കിലോമീറ്റർ ഓടിയാൽ ടൗണിലെത്താം എന്നാൽ തൃപ്പൂണിത്തുറ അല്ലെങ്കിൽ മുളംതുരുത്തി-ചോറ്റാനിക്കര ഭാഗങ്ങളിൽനിന്നും ടൗണിലെത്താൻ 60 കിലോമീറ്ററേ ഉള്ളുവെങ്കിലും അതിന്റെ മൂന്നിരട്ടി സമയം എടുക്കുന്നുണ്ട്. ഈ പദ്ധതി എന്നെങ്കിലും നടപ്പാകുമല്ലോ; അത് നടപ്പായി വരുമ്പോൾ ഈ കിഴക്കൻ മേഖലയുമായി ബന്ധപ്പെട്ട് ചോറ്റാനിക്കര-മുളംതുരുത്തി-തൃപ്പൂണിത്തുറ മേഖലകളെകൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: സർ, കൊച്ചിയെ സംബന്ധിച്ച് ഇത് പരമപ്രധാനമാണ്. 30 ലക്ഷത്തോളം ജനസംഖ്യയുള്ള മെട്രോ സിറ്റിയായി കൊച്ചി മാറിക്കഴിഞ്ഞിരിക്കുകയാണ്. അവിടെയുള്ള ഏറ്റവും വലിയ പ്രശ്നം ഗതാഗതക്കുരുക്കാണ്. കൊച്ചിവഴി കടന്നുപോകാത്ത ആരും ഉണ്ടാകുകയില്ല. കൊച്ചിയിൽ കൂടി കടന്നുപോകണമെങ്കിൽ ഒരു മണിക്കൂറിലധികം നമുക്ക് നഷ്ടമാണ്. അതുകൊണ്ടാണ് ആലുവ മുതൽ തൃപ്പൂണിത്തുറ പേട്ടവരെ

LIBRARY ARCHIVES Kerala Legislative Assembly

25.25 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ് ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് നീട്ടണമെന്നാണ് ശ്രീ. ദിനേശ് മണിയും അതുപോലെ പല നേതാക്കന്മാരും ആവശ്യപ്പെട്ടിരിക്കുന്നത്. അതൊക്കെ നമുക്ക് രണ്ടാം ഘട്ടത്തിൽ ആലോചിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കൊച്ചി മെട്രോ ഒരു ബൃഹത്തായ പദ്ധതിയാണ്. മെട്രോ റെയിൽവേ സംബന്ധിച്ച് പറയുമ്പോൾ ലോകത്തുതന്നെ പല മെട്രോ റെയിൽവേകളും വന്നിട്ടുണ്ട്. പല സിറ്റികളിലുള്ള മെട്രോ റെയിൽവേകളും വയബിളല്ല, ഫീസിബിളല്ല എന്നൊരു വാദമുണ്ട്. നമ്മുടെ രാജ്യത്ത് വന്നിട്ടുള്ള ആദ്യത്തെ മെട്രോ റെയിൽവേ ഡൽഹി മെട്രോ മാത്രമാണ്. ഇതിനെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ; മറ്റൊന്ന്, മെട്രോ റെയിൽവേ ബൃഹത്തായ പദ്ധതിയാണ്. അത് വരുന്നതുകൊണ്ട് വലിയ സന്തോഷമുണ്ട്. ഗവൺമെന്റ് രണ്ട് ഫേസായിട്ടാണ് മെട്രോ റെയിൽവേ വിഭാവനം ചെയ്യുന്നത്. ആദ്യത്തെ ഫേസിൽതന്നെ വളരെ കുറച്ച് ജനങ്ങൾക്ക് മാത്രമേ പ്രയോജനം കിട്ടുകയുള്ളുവെന്ന് ശ്രീ. സി. എം. ദിനേശ് മണിയും ശ്രീ. ജോസ് തെറ്റയിലും സൂചിപ്പിക്കുകയുണ്ടായി. മെട്രോ റെയിൽ വരുമ്പോൾ അതിന് ശക്തമായ നടപടികളുമായി നമുക്ക് മുന്നോട്ടുപോകണം. പക്ഷേ അങ്കമാലി മുതൽ തൃപ്പൂണിത്തുറ വരെയും മട്ടാഞ്ചേരി ഹാൾട്ടിലും എത്തിച്ചേരുന്ന സബർബൻ ട്രെയിൻ പദ്ധതിയെപ്പറ്റി ഗവൺമെന്റ് എന്തുകൊണ്ട് ചിന്തിക്കുന്നില്ല; ചെലവ് കുറഞ്ഞ പദ്ധതിയാണ്. കൂടുതൽ ജനങ്ങൾക്ക് പ്രയോജനം കിട്ടുന്നതാണ്. അതിനെക്കുറിച്ച് ചിന്തിക്കുമോ?

ശ്രീ. എം. വിജയകുമാർ: സർ, സബർബൻ ട്രെയിൻ എന്ന പദ്ധതി റെയിൽവേയുടെ ഒരു പദ്ധതിയാണ്. കേരളത്തിന് അത് അനുവദിച്ചിട്ടുണ്ട്. പക്ഷേ നടപ്പിലായിട്ടില്ല. അത് കൊച്ചിക്ക് മാത്രമല്ല കേരളത്തിലെ എല്ലാ നഗരങ്ങളിലും നമുക്ക് ആരംഭിക്കാൻ കഴിയുന്ന പദ്ധതിയാണ്. അതിന് വേണ്ടത് റെയിൽവേ ലൈനുകൾ പൂർണ്ണമായും ഡബിൾ ചെയ്ത് ഇലക്ട്രിഫൈ ചെയ്യണം. സിഗ്നൽ സിസ്റ്റം വേണം. ഇതൊക്കെയുണ്ടെങ്കിൽ കോഴിക്കോട്, കൊച്ചി, കോട്ടയം, കൊല്ലം, പാലക്കാട് തുടങ്ങി കേരളത്തിലെ എല്ലാ നഗരങ്ങളിലും ആരംഭിക്കാൻ കഴിയുന്നതാണ് മെമു എന്ന പേരിലുള്ള സബർബൻ ട്രെയിൻ, പ്രത്യേക പദ്ധതിയാണ്. അത് നമ്മുടെ പരിഗണനയിലുണ്ട്.

ശ്രീ. എ. എം. യൂസഫ്: സർ, എന്റെ എല്ലാ സഹപ്രവർത്തകരും പറഞ്ഞ ഗതാഗതക്കുരുക്കും പ്രശ്നങ്ങളും പരിഹരിക്കാൻ കേന്ദ്രം പല കാര്യത്തിലും നമ്മളോട് അവഗണന കാണിക്കുന്ന രീതിയുണ്ട്. കക്ഷി രാഷ്ട്രീയത്തിനതീതമായി മെട്രോ റെയിൽവേ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പ്രതിപക്ഷ നേതാവിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലയിലെ ജനപ്രതിനിധികളേയും മറ്റ് ബന്ധപ്പെട്ട വ്യാപാര സ്ഥാപന ഉടമകളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ കൺവെൻഷൻ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എറണാകുളത്ത് വിളിച്ചുകൂട്ടാൻ അങ്ങ് മുൻകൈ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അതൊക്കെ സാധാരണ നടത്തേണ്ട കാര്യങ്ങളാണ്. അതിനേക്കാൾ വലിയ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽ സർവ്വകക്ഷിസംഘം പോയി നിവേദനം കൊടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.മാരിൽ നിരവധിപേർ ഇന്ന് ശക്തൻമാരായ കേന്ദ്ര മന്ത്രിമാരാണ്. എല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി ഇതുവരെ നിവേദനവുമായി പോയിട്ടില്ല. തമിഴ്നാടിന്റെ കാര്യത്തിൽ കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയാണ് നിവേദനവുമായി പോകുന്നത്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രമന്ത്രിമാർ ആ ഡെലിഗേഷനിൽ വരാറില്ല. ആ ഒരു കുറവുണ്ട്. ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ളവർ ഒരുമിച്ച് പ്രധാനമന്ത്രിയെ കാണുന്ന കാര്യം ആലോചിക്കുന്നത് ഉചിതമായിരിക്കും.

സ്പോർട്സ് കോട്ടയിൽ നിയമനം നടത്താൻ നടപടി

3(*63) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ സ്പോർട്സ് കോട്ടയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുവോ ;

(ബി) എങ്കിൽ സ്പോർട്സ് കോട്ടയിൽ നിയമനം നേടുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്പോർട്സ് കോട്ടയിലൂടെ എത്ര ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത നിയമനത്തിന് ഇതിനോടകം എത്ര അപേക്ഷകൾ ലഭിച്ചു ; നിയമന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്.

(ബി) പബ്ലിക് സർവ്വീസിൽ സ്പോർട്സ് കോട്ടാ നിയമനത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള വിദ്യാഭ്യാസ-കായിക രംഗങ്ങളിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. 4-9-2010-ലെ വിജ്ഞാപനം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം – ലൈബ്രറിയിൽ വച്ചിട്ടുണ്ട്.